ഉത്തരം

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യകേന്ദ്രം ആശുപത്രി വികസന സമിതിയുടെകീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ടെയിലറിംഗ് ഇൻസ്ട്രക്ടർ ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി ബി. ആർ. ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ടിയാൾ സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ബി) ഈ സ്ഥാപനത്തിൽ പത്തു വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിലും തുടർന്ന് കരാർ അടിസ്ഥാനത്തിലും ജോലി ചെയ്തുവന്നിരുന്ന 125 ജീവനക്കാരെ 1-11-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 325/2014/ആകുവ. നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഭക്ഷണത്തിൽ മായം ചേർക്കുന്ന ഹോട്ടലുകൾക്കെതിരെ നടപടി

86 (3518) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിൽ അരി എളുപ്പം വെന്തുകിട്ടുന്നതിനായി അപ്പക്കാരമോ, കുമ്മായമോ കിഴികെട്ടി ഇടുന്നതും മീൻ, ചിക്കൻ, ബീഫ് എന്നിവയുടെ ഫ്രൈ ഇനങ്ങളിൽ രുചിയും നിറവും കൂട്ടാൻ സൺലൈറ്റ് യെല്ലോ എന്ന രാസലായനിയും അജിനോ മോട്ടോ എന്ന ചൈനീസ് ഉപ്പും ചേർക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭക്ഷ്യസുരക്ഷ നിയമനടപടികൾ പ്രകാരം ഈ വർഷം എടുത്തിട്ടുള്ള കേസുകളിൽ ശിക്ഷിക്കപ്പെട്ടവ എത്ര ; വെളിപ്പെടുത്താമോ ;

(സി) സൗന്ദര്യവർദ്ധക സാധനങ്ങളിൽ ചേർക്കുന്ന മേൽ സൂചിപ്പിച്ച ലായനി, അപ്പക്കാരം, അജിനോമോട്ടോ എന്നിവ ദഹനക്കേടിനും അലർജിക്കും ക്യാൻസറിനും ഇടയാക്കുമെന്നുള്ളതുകൊണ്ട് ഇതുപയോഗിക്കുന്ന ഹോട്ടലുകളുടെമേൽ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോട്ടലുകളിൽ അരി എളുപ്പം വെന്തുകിട്ടുന്നതിനായി അപ്പക്കാരമോ, കുമ്മായമോ കിഴികെട്ടി ഇടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മീൻ, ചിക്കൻ, ബീഫ് എന്നിവയുടെ ഫ്രൈ ഇനങ്ങളിൽ രുചിയും നിറവും കൂട്ടാൻ സൺലൈറ്റ് യെല്ലോ എന്ന രാസലായനിയും അജിനോമോട്ടോ എന്ന ചൈനീസ് ഉപ്പും ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് ഈ വർഷം അഡ്ജ്യൂഡിക്കേഷനും പ്രോസിക്യൂഷനും ഉൾപ്പെടെ 112 കേസ്സുകൾ എടുത്തിട്ടുണ്ട്. വിചാരണ നടപടികൾ നടന്നുവരുന്നു., ശിക്ഷാവിധികൾ ലഭിച്ചിട്ടില്ല.

(സി) സൗന്ദര്യവർദ്ധക സാധനങ്ങളിൽ ചേർക്കുന്ന മേൽ സൂചിപ്പിച്ച ലായനി, അപ്പക്കാരം, അജിനോമോട്ടോ എന്നിവ ദഹനക്കേടിനും അലർജിക്കും ക്യാൻസറിനും ഇടയാക്കുമെന്നത് സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പരിശോധനകളിൽ അത്തരം ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതായി കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള ക്രിമിനൽ കുറ്റം ചുമത്തി കർശന നടപടി സ്വീകരിക്കാറുണ്ട്.

നെടുമൺകാവ് സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ ആംബുലൻസ്

87 (3519) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള നെടുമൺകാവ് സാമൂഹിക ആരോഗ്യകേന്ദ്രത്തിന് ആംബുലൻസ് വാങ്ങിയത് എന്നാണ് ;

(ബി) ഏത് ഫണ്ട് വിനിയോഗിച്ചാണ് പ്രസ്തുത ആംബുലൻസ് വാങ്ങിയതെന്നും ആരുടെ പേരിലാണ് പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത ആംബുലൻസ് എത്ര നാൾ സർവ്വീസ് നടത്തി ; ആംബുലൻസിന്റെ സർവ്വീസ് നിർത്തിവയ്ക്കാൻ ഇടയായ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) ആംബുലൻസിന്റെ സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 31-3-2012-ൽ.

(ബി) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് 2011-12 പ്രോജക്ട്നമ്പർ 16 പ്രകാരമാണ് വാങ്ങിയത്. മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നെടുമൺകാവിന്റെ പേരിലാണ് പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly